**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 46** **06-12-2022 - ൽ മറുപടിയ്ക്ക്**

**വ്യവസായ വാണിജ്യനയത്തിന്റെ കരട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. എം. എം. മണി,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ 1.1 ലക്ഷം കോടിയിലധികം വരുന്ന ഉപഭോക്തൃ ഉല്പന്ന വിപണിയിലെ സിംഹഭാഗവും സംസ്ഥാനത്തിന് പുറത്തുനിന്ന് കൊണ്ടുവരേണ്ട സ്ഥിതിക്ക് മാറ്റം വരുത്താൻ ആഭ്യന്തരോല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് പുതിയ വ്യവസായ വാണിജ്യനയത്തിന്റെ കരട് പ്രാധാന്യം നൽകുന്നുണ്ടോ; വിശദമാക്കുമോ ; | (എ) | ആഭ്യന്തര ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി 'വ്യവസായം 4.0' കരട് വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.യന്ത്രവത്ക്കരണം വർദ്ധിപ്പിച്ചുകൊണ്ട് സ്മാർട്ട് മെഷിനറികളും സ്മാർട്ട് ഫാക്ടറികളും തൊഴിലുമാണ് വ്യവസായം 4.0- ന്റെ സവിശേഷത. മെഷീൻലേണിംഗ്, ഡേറ്റാ വിശകലനം, പ്രക്രിയകളുടെ യന്ത്രവത്കരണം എന്നിവ സ്വീകരിക്കുന്നതിലൂടെ ഉൽപ്പാദന മേഖലയിൽ ഡിജിറ്റൽവൽക്കരണം സാധ്യമാകുകയും ഉൽപ്പാദനത്തിൽ വിപ്ലവമുണ്ടാക്കാൻ കഴിയുകയും ചെയ്യും. അങ്ങനെ വ്യവസായം 4.0- ലുൾപ്പെടുത്തിയിരിക്കുന്ന നിലവിലെ ബിസിനസ്സുകൾ ഡിജിറ്റൽവൽക്കരിക്കാൻ തയ്യാറാകുന്നതിലൂടെ വ്യവസായം 4.0-ലേക്ക് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കാൻ കരുത്തുറ്റ ആവാസ വ്യവസ്ഥ സൃഷ്ടിക്കുകയും ചെയ്യും. ആഭ്യന്തരോല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി തദനുസരണമായ നിർദ്ദേശങ്ങൾ വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് നിർമ്മിക്കുന്ന ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് കേരള ബ്രാൻഡ് രൂപീകരിക്കാൻ ലക്ഷ്യമിടുന്നുണ്ടോ; | (ബി) | സംസ്ഥാനത്ത് നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും വിപണനം പ്രോത്സാഹാഹിപ്പിക്കുന്നതിനുമായി കേരള ബ്രാൻഡ് പദ്ധതി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>കേരള സർക്കാർ ഒരു വർഷം കൊണ്ട് ഒരു ലക്ഷം സംരംഭകരെ സൃഷ്ടിക്കുകയെന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെ തനതായ MSME ഉല്പന്നങ്ങൾക്ക് സർക്കാർതലത്തിൽ ബ്രാൻഡ് നൽകുന്നത് ഉല്പന്നങ്ങളുടെ ഗുണനിലവാരവും ലഭ്യതയും ഉറപ്പാക്കാനും അതോടൊപ്പം തന്നെ ഉല്പന്നങ്ങൾക്ക് എളുപ്പത്തിൽ വിപണി |

| | | | |
|---|---|---|---|
| | | | കണ്ടെത്തുന്നതിനുള്ള സാധ്യതയും വർദ്ധിപ്പിക്കുന്നു. ഉല്പന്നങ്ങളുടെ ഗുണനിലവാരം സംബന്ധിച്ച് മുൻനിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കാൻ പ്രതിജ്ഞാബദ്ധരായ ഉൽപ്പാദകർക്ക് വിപണന സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനുളള സംവിധാനമാണ് കേരള ബ്രാൻഡ് കൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. ഉപഭോക്താക്കൾക്ക് ഗുണനിലവാരമുളള ഉല്പന്നങ്ങളെ ഗുണനിലവാരമില്ലാത്തവയിൽ നിന്നും തിരിച്ചറിയുന്നതിനുളള ഉപാധിയായി കേരള ബ്രാൻഡ് വർത്തിക്കും.ആദ്യഘട്ടത്തിൽ കേരളത്തിലെ പ്രധാന ഉല്പന്നമായ വെളിച്ചെണ്ണയെ ബ്രാൻഡ് ചെയ്യാൻ ഉദ്ദേശിക്കുന്നു. ആയതിനുശേഷം ക്രമമായി കേരളത്തിന്റെ മറ്റു തനത് ഉല്പന്നങ്ങളെ ബ്രാൻഡ് ചെയ്യുന്നതിന് ലക്ഷ്യമിടുന്നു. |
| (സി) | ആകർഷകമായ നിക്ഷേപാവസരങ്ങൾ സംബന്ധിച്ചുളള വിവരങ്ങൾ ലഭ്യമാക്കുന്നതിനും നിക്ഷേപ പ്രക്രിയ അനായാസമാക്കുന്നതിനും വ്യവസായ വാണിജ്യ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ? | (സി) | കേരളത്തിലെ സൂക്ഷ്മ-ചെറുകിട- ഇടത്തരം സംരംഭങ്ങളുടെ വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള നിയമ നിർമ്മാണം 2018-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്റ്റ് പ്രകാരം നടത്തിയിട്ടുണ്ട്. ഇത് കൂടാതെ കേരളാ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ, സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള ലൈസൻസുകളിലും ക്ലിയറൻസുകളിലും നിന്നും ഒഴിവാക്കുന്നതിനായി 2019 - ലെ കേരള സൂക്ഷ്മ - ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിലവിൽ വന്നിട്ടുണ്ട്. വിവിധ വകുപ്പുകളിലെ പരിശോധന ഏകോപിപ്പിച്ച് സുഗമമാ ക്കുന്നതിനായി കെ-സിസ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്. കേരളത്തിലെ സംരംഭകരുടെ പരാതി പരിഹാരത്തിനായി, 1999- ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡവലപ്മെന്റ് ആക്ടിന്റെ 2021-ലെ ഭേദഗതി പ്രകാരം ജില്ലാ/ സംസ്ഥാന തലങ്ങളിൽ പരാതി പരിഹാര സംവിധാനം നിലവിൽ വന്നിട്ടുണ്ട്.<br><br>ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എംഎസ്എംഇ ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇത് കൂടാതെ വ്യവസായ വകുപ്പിനു കീഴിൽ ഉള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും, അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ജില്ലാ റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു.<br><br>2022-23 സംരംഭകവർഷമായി കേരളാ ഗവണ്മെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരുലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചു കൊണ്ട് 3 മുതൽ 4 ലക്ഷം |

| | | | |
|---|---|---|---|
| | | | വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതി തദ്ദേശ സ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗ സംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായവകുപ്പ് നടത്തിവരുന്നു.<br><br>ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലുമായി പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലെ ബോധവത്കരണ പരിപാടികൾ, ലോൺ/ ലൈസൻസുകൾ മേളകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഇന്റേണുകളുടെ ഉത്തരവാദിത്തലായിരിക്കും നടക്കുക. ഒരു തദ്ദേശ സ്ഥാപനതലത്തിൽ മാസത്തിൽ നിശ്ചിത എണ്ണം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്റേണുകൾക്ക് ഭൗതിക ലക്ഷ്യവും നിശ്ചയിച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ